കോളേജുകളിലെ അറ്റൻഡർ തസ്തിക, ലാബ്/ലൈബ്രറി അസിസ്റ്റന്റ് എന്നാക്കി മാറ്റുവാനുള്ള നടപടി

131 (1441) ശ്രീ. എൻ. ശക്തൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോളേജ് വിദ്യാഭ്യാസ വകുപ്പിൽ ഗവൺമെന്റ് കോളേജുകളിലെ അറ്റൻഡർ തസ്തിക, ലാബ്/ലൈബ്രറി അസിസ്റ്റന്റ് എന്നാക്കി മാറ്റുവാനുള്ള നടപടികളുടെ വിശദാംശം വ്യക്തമാക്കാമോ ;

(ബി) എയ്ഡഡ് കോളേജുകളിൽ ലാബ്/ലൈബ്രറി അസിസ്റ്റന്റ് തസ്തിക അനുവദിച്ചിട്ടുണ്ടോ ;

(സി) സ്വകാര്യ കോളേജുകളിൽ ഈ തസ്തിക അനുവദിച്ചത് പുനർനാമകരണം നടത്തിയാണോ എന്ന് വ്യക്തമാക്കുമോ ;

(ഡി) എങ്കിൽ ഇതിന് വിദ്യാഭ്യാസവകുപ്പിൽ നിന്നും അനുമതി നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ ;

(ഇ) പ്രസ്തുത തസ്തികയ്ക്ക് നിശ്ചയിച്ചിരിക്കുന്ന വിദ്യാഭ്യാസ യോഗ്യത എന്തെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) കോളേജ് വിദ്യാഭ്യാസ വകുപ്പിലെ ഗവൺമെൻറ് കോളേജുകളിലെ അറ്റൻഡർ തസ്തികകൾക്കും സർക്കാർ സർവ്വീസിലെ മറ്റ് അറ്റൻഡർ തസ്തികകൾക്കും ക്ലറിക്കൽ അറ്റൻഡർ തസ്തികകൾക്കുമായി നിർണ്ണയിച്ചിട്ടുള്ള സ്പെഷ്യൽ റൂൾസ് ഒന്നുതന്നെയാണ്. ആയതിനാൽ പൊതുവായ സ്പെഷ്യൽ റൂളുകൾ ഭേദഗതി ചെയ്യാതെ കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള ഗവൺമെന്റ് കോളേജിലെ അറ്റൻഡൻ തസ്തികകൾ ലാബ്/ലൈബ്രറി അസിസ്റ്റന്റ് എന്ന് പുനർനാമകരണം ചെയ്യുവാൻ ഉന്നത വിദ്യാഭ്യാസ വകുപ്പിന് കഴിയില്ല.

(ബി) എയ്ഡഡ് കോളേജുകളിൽ യൂണിവേഴ്സിറ്റി സ്റ്റാറ്റ്യൂട്ട് ഭേദഗതി പ്രകാരം അറ്റൻഡർ തസ്തിക, ലാബ്/ലൈബ്രറി അസിസ്റ്റന്റ് എന്ന് പുനർനാമകരണം നടത്തുകയും തദനുസരണം തസ്തികകൾ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

(സി) സ്വകാര്യ കോളേജുകളിലെ അറ്റൻഡർ തസ്തിക യൂണിവേഴ്സിറ്റി സ്റ്റാറ്റ്യൂട്ട് ഭേദഗതി പ്രകാരം ലാബ്/ലൈബ്രറി അസിസ്റ്റന്റ് എന്ന് പുനർനാമകരണം നടത്തിയിട്ടുണ്ട്.

(ഡി) യൂണിവേഴ്സിറ്റി സ്റ്റാറ്റ്യൂട്ടിൽ അംഗീകരിച്ചിട്ടുള്ള വ്യവസ്ഥകൾക്ക് വീണ്ടും വിദ്യാഭ്യാസ വകുപ്പിന്റെ അനുമതി ആവശ്യമില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) എയ്ഡഡ് കോളേജുകളിലെ ലാബ്/ലൈബ്രറി അസിസ്റ്റന്റ് തസ്തികയ്ക്ക് ലാസ്റ്റ് ഗ്രേഡ് ജീവനക്കാരിൽ നിന്നും ട്രാൻസ്ഫർ മുഖേന നിമയനം ലഭിക്കുന്നതിന് താഴെപ്പറയുന്ന വിദ്യാഭ്യാസ യോഗ്യതകൾ ബന്ധപ്പെട്ട യൂണിവേഴ്സിറ്റി സ്റ്റാറ്റ്യൂട്ട് മുഖേന നിർണ്ണയിക്കപ്പെട്ടിട്ടുണ്ട്.

(1) ഫോം-3 (ഏഴാം സ്റ്റാൻഡേർഡ്).

പാസ്സാകുകയോ തത്തുല്യയോഗ്യത നേടുകയോ വേണം.

(2) കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന അറ്റൻഡർ ടെസ്റ്റ് പാസ്സായിരിക്കണം.

അല്ലെങ്കിൽ അഞ്ചു വർഷത്തെ സ്വകാര്യ കോളേജ് തുടർ സേവനമുണ്ടായിരിക്കുകയും കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന അറ്റൻഡർ ടെസ്റ്റ് പാസ്സായിരിക്കുകയും വേണം.

സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ പ്രവേശത്തിനുള്ള മാനദണ്ഡം

132 (1442) ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ മെരിറ്റ് സീറ്റ് എത്ര ശതമാനമെന്ന് സർക്കാർ നിശ്ചയിച്ചുവോ ;

(ബി) ഇത് സംബന്ധിച്ച് സുപ്രീം കോടതിയിൽ ഫയൽ ചെയ്ത ഒ.പി.യിൽ അന്തിമ തീരുമാനം ആയോ ;

(സി) ഈ തീരുമാനം സർക്കാർ തീരുമാനത്തിനെതിരായാൽ പുതിയ നിയമ നിർമ്മാണം നടത്തുന്ന കാര്യം സർക്കാർ പരിഗണിക്കുമോ ;

(ഡി) ഈ വർഷം സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ പ്രവേശനം ഏത് മാനദണ്ഡം പ്രകാരമാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സർക്കാർ സീറ്റ് 50 ശതമാനം ആയി നിശ്ചയിച്ചിട്ടുണ്ട്.

(ബി) ഇല്ല.

(സി) ആലോചിക്കാവുന്നതാണ്.

(ഡി) 50 ശതമാനം സീറ്റുകൾ ഗവൺമെന്റ് സീറ്റുകളായും, 50 ശതമാനം സീറ്റുകൾ മാനേജ്മെന്റ് സീറ്റുകളായും പരിഗണിച്ച് പ്രവേശനം നൽകുവാനാണ് തീരുമാനിച്ചിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly